(ഡി) കടലോരത്ത് ഹൈ ടൈഡ് ലൈനിൽനിന്നും 200-500 മീറ്ററിനുള്ളിൽ വീട് നിർമ്മിച്ചിട്ടുള്ള തദ്ദേശവാസികളായ മത്സ്യത്തൊഴിലാളികൾക്ക് വീടു നമ്പർ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) കടലോരത്ത് ഹൈ ടൈഡ് ലൈനിൽനിന്നും 200-500 മീറ്ററിനുള്ളിൽ, തദ്ദേശവാസികളായ മത്സ്യത്തൊഴിലാളികളുടെ വീടുനിർമ്മാണം ഒഴികെയുള്ള നിർമ്മാണപ്രവർത്തനങ്ങൾ പാടില്ലായെന്നാണ് സർക്കാർ നിലപാട്.

9 (1223) മത്സ്യം കയറ്റുമതി

ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ മത്സ്യത്തൊഴിലാളികൾക്ക് നമ്പർ ലഭിക്കാത്ത എത്ര വീടുകൾ ഉണ്ടെന്ന് സർക്കാർ കണക്കാക്കിയിട്ടുണ്ടോ;

(ബി) ഈ സാമ്പത്തികവർഷം മത്സ്യം കയറ്റുമതിയിലൂടെ സംസ്ഥാന ഗവൺമെന്റിന് എത്ര കോടി രൂപ ലഭിച്ചു;

(സി) വിദേശ വിപണികളിൽ മാർക്കറ്റ് ലഭിക്കുന്നതിന് ആവശ്യമാകുംവിധം പുതിയ സംവിധാനം കേരളത്തിലെ മത്സ്യസംസ്ക്കരണശാലകളിൽ ഏർപ്പെടുത്തുന്നുണ്ടോ എന്ന് പരിശോധിക്കുന്നുണ്ടോ;

(ഡി) കേരളത്തിലെ മത്സ്യസംസ്ക്കരണ വിപണനരംഗത്ത് ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം വർദ്ധിച്ചുവരുന്നുണ്ടോ?

ഉത്തരം

(എ) ഇല്ല.

(ബി) ഈ സാമ്പത്തികവർഷം (ഏപ്രിൽ മുതൽ സെംപ്റ്റംബർ വരെ) മത്സ്യം കയറ്റുമതിയിലൂടെ 453.20 കോടി രൂപ ലഭിച്ചു.

(സി) മത്സ്യകയറ്റുമതി വർദ്ധിപ്പിക്കുന്നതിലേക്കായി, മത്സ്യം കരയ്ക്കടുപ്പിക്കുമ്പോൾ മുതൽ കയറ്റുമതി ചെയ്യുന്ന ഘട്ടംവരെയുള്ള എല്ലാ രംഗങ്ങളിലും അന്താരാഷ്ട്ര നിലവാരം പുലർത്താൻ മത്സ്യസംസ്ക്കരണ സംരംഭകരെ പര്യാപ്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഇക്കാര്യത്തിലുള്ള കണക്കുകൾ ഫിഷറീസ് വകുപ്പിൽ ലഭ്യമല്ല.

10 (1224) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന് പിരിഞ്ഞുകിട്ടേണ്ട കുടിശ്ശിക

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന് തൊഴിലുടമകളുടെ അംശദായമായി പിരിഞ്ഞുകിട്ടേണ്ട കുടിശ്ശിക എത്രയാണെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അംശദായ കുടിശ്ശിക പിരിച്ചെടുക്കുവാൻ ബോർഡ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) ബോർഡിന് തനതായി ഫണ്ട് സ്വരൂപിക്കാൻ കഴിയാത്തതുകാരണം തൊഴിലാളികൾക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് കാലതാമസം ഉണ്ടാകുന്നുണ്ടോ;

(ഡി) എങ്കിൽ അതിന് പരിഹാരമായി സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) പിരിഞ്ഞുകിട്ടേണ്ട കുടിശ്ശിക 21.051 കോടി രൂപയാണ്.

(ബി) ബോർഡ് ജപ്തിനടപടികൾ സ്വീകരിച്ചിരുന്നു. കുടിശ്ശിക തുക 11/99 മുതൽ 24 മാസതവണകളായി അടച്ചുതീർക്കണമെന്ന വ്യവസ്ഥയിൽ ജപ്തി നടപടികൾ 6 മാസത്തേയ്ക്ക് നിർത്തിവച്ചിരിക്കുകയാണ്.

(സി)&(ഡി) കാലതാമസം കഴിവതും ഒഴിവാക്കി ആനുകൂല്യങ്ങൾ നൽകിവരുന്നു.

11 (1225) എൻ.സി.ഡി.സി. മുഖേന മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്ന സഹായങ്ങൾ

പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.സി.ഡി.സി. മുഖേന മത്സ്യത്തൊഴിലാളികൾക്ക് എന്തെല്ലാം സഹായങ്ങൾ ലഭിക്കുന്നുണ്ട്;

(ബി) എൻ.സി.ഡി.സി. കൊണ്ടുള്ള പ്രയോജനം കൊടുങ്ങല്ലൂരിലെ മത്സ്യത്തൊഴിലാളികൾക്ക് ലഭിച്ചിട്ടുണ്ടോ?

ഉത്തരം

(എ) മത്സ്യബന്ധന ഉപകരണങ്ങൾ, മത്സ്യക്കച്ചവടത്തിനുള്ള വായ്പയും അടിസ്ഥാന സൗകര്യങ്ങളും, സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള വായ്പകൾ, മത്സ്യലേലം വിപുലപ്പെടുത്തുന്നതിന് സംഘങ്ങൾക്കുള്ള പ്രവർത്തനമൂലധനം, വിജ്ഞാനവ്യാപനത്തിനുള്ള സൗകര്യങ്ങൾ പരിശീലനപരിപാടികൾ എന്നിവയ്ക്കുള്ള സാമ്പത്തിക സഹായം ലഭ്യമാക്കുന്നു.

(ബി) ഉണ്ട്.

12 (1226) മത്സ്യഫെഡിലെ അംഗസംഘങ്ങൾ

ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മത്സ്യഫെഡിൽ ഇപ്പോൾ എത്ര അംഗസംഘങ്ങൾ ഉണ്ട്; ജില്ല തിരിച്ച് എണ്ണവും പേരും വിലാസവും അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly